# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4992

27.06.2019 -ൽ മറുപടി നൽകേണ്ടത്

**സ്പെഷ്യൽ റൂൾസ് ഇല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.യ്ക്ക് നൽകിയശേഷം സ്പെഷ്യൽ റൂൾസ് നിർമ്മിക്കാത്തതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലേക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) ഉണ്ട്. |
| (ബി) ഇനിയും സ്പെഷ്യൽ റൂൾസ് നിർമ്മിക്കാത്ത എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങളിൽ അടിയന്തിരമായി സ്പെഷ്യൽ റൂൾസ് നിർമ്മിച്ച് ആയതിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) 16.<br>നിയമനങ്ങൾ പി.എസ്.സി ക്ക് വിടുന്നതിന്റെ ഭാഗമായി നിയമന ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സമയബന്ധിതമായി അവ രൂപീകരിക്കണമെന്നും സ്റ്റാഫ് ഘടന ഫിക്സ് ചെയ്യണമെന്നും അതിന്റെ അടിസ്ഥാന ത്തിൽ നിയമനങ്ങൾ പി.എസ്.സി യുടെ പരിധിയിൽ കൊണ്ടുവരുന്നതിനു വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കണ |

മെന്നും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടേയും മേലധികാരികൾക്കും കർശന നിർദ്ദേശം നൽകിക്കൊണ്ട് 02/02/2019-ലെ PLGEA-BPE3/122/2016/PLGEA നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

കേരള സർക്കാർ

**No. PLGEA-BPE3/122/2016/PLGEA**

**ആസൂത്രണ സാമ്പത്തികകാര്യ**
**(ബി.പി.ഇ.) വകുപ്പ്**
**തിരുവനന്തപുരം, തീയതി : 02.02.2019.**

**<u>പരിപത്രം</u>**

വിഷയം: ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് - പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നത് - നിയമന ചട്ടങ്ങൾ രൂപീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന : (1) 05.09.1986-ലെ 13770/ ബി.പി.ഇ./ 86/ പ്ലാനിംഗ് നമ്പർ സർക്കുലർ.
(2) 28.02.1992-ലെ 14896/ ബി.പി.ഇ. 2/ 91/ പ്ലാനിംഗ് നമ്പർ സർക്കുലർ.
(3) 17.05.2007-ലെ 15274/ ബി.പി.ഇ.2/ 06/ പ്ലാനിംഗ് നമ്പർ സർക്കുലർ.
(4) 26.08.2009-ലെ 12027/ ബി.പി.ഇ.2/ 09/ പ്ലാനിംഗ് നമ്പർ സർക്കുലർ.
(5) 08.08.2014-ലെ 10557/ ബി.പി.ഇ.1/ 14/ പ്ലാനിംഗ് നമ്പർ സർക്കുലർ.
(6) 08.08.2018-ലെ ഉപസി1/ 208/ 17/ ഉഭപവ നമ്പർ സർക്കുലർ.
(7) 17.01.2019-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ എ III(3) 50026/ 18/ കോ.വി. നമ്പർ കത്ത്.

1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ടസ് സർട്ടേൻ കോർപ്പറേഷൻസ് ആൻറ് കമ്പനീസ്) ആക്ട് സെക്ഷൻ 3(2) പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം സംബന്ധിച്ച എല്ലാ കാര്യങ്ങളിലും അതാത് പൊതുമേഖലാ സ്ഥാപനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ഉപദേശം തേടേണ്ടതുണ്ട്. കൂടാതെ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സിയെ കൺസൾട്ട് ചെയ്യുന്നതിന് പ്രസ്തുത പൊതുമേഖലാ സ്ഥാപനത്തിന്റെ പേര്, 1971-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കമ്പനി) റൂൾസിലെ ചട്ടം 2-ലെ ഉപചട്ടം (ഡി) യുടെ കീഴിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

2 സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സിക്ക് വിടുക എന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. നിയമനങ്ങളിലെ അഴിമതിയും, സ്വജനപക്ഷപാതവും അവസാനിപ്പിക്കുന്നതിനും സംവരണ തത്വങ്ങൾ നടപ്പിലാക്കുന്നതിനും ഇത് അത്യാവശ്യമാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ (വർക്കർ, സൂപ്പർവൈസറി മാനേജീരിയൽ തസ്തികകൾ ഒഴികെ) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. എന്നാൽ ചില പൊതുമേഖലാ സ്ഥാപനങ്ങൾ നിയമന ചട്ടങ്ങൾ രൂപീകരിക്കാതെയും, സ്റ്റാഫ് ഘടന ഉറപ്പിക്കാതെയും, സംവരണതത്വങ്ങൾ പാലിക്കാതെയും, അനധികൃത പിൻവാതിൽ നിയമനങ്ങൾ നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. സൂചന 7-ലെ പി.എസ്.സി സെക്രട്ടറിയുടെ കത്ത് പ്രകാരം 97 പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇനിയും നിയമന ചട്ടം രൂപീകരിക്കുകയോ നിയമനം പി.എസ്.സിക്ക് വിടുകയോ ചെയ്യാത്ത 34 പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്. കൂടാതെ നിയമനങ്ങൾ പി.എസ്.സിയുടെ പരിധിയിൽ വന്നിട്ടും അന്തിമ നിയമന ചട്ടം രൂപീകരിച്ചിട്ടില്ലാത്ത 11 പൊതുമേഖലാ സ്ഥാപനങ്ങളും ഉണ്ട്.

4. സർക്കാർ ഈ വീഴ്ച വളരെ ഗൗരവമായി കാണുന്നു. നിയമനങ്ങൾ പി.എസ്.സിക്ക് വിടുന്നതിന്റെ ഭാഗമായി നിയമന ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സമയബന്ധിതമായി അവ രൂപീകരിക്കുന്നതിനും, സ്റ്റാഫ് ഘടന ഫിക്സ് ചെയ്യണമെന്നും അതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ പി.എസ്.സി യുടെ പരിധിയിൽ കൊണ്ടു വരുന്നതിനു വേണ്ട അടിയന്തിര നടപടികൾ സൂചനയിലെ സർക്കുലറുകളിലെ നിബന്ധനകൾക്കു വിധേയമായി സ്വീകരിക്കണമെന്നും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേലധികാരികൾക്കും കർശന നിർദ്ദേശം നൽകുന്നു. ഇക്കാര്യത്തിൽ അതാത് ഭരണവകുപ്പുകൾ അടിയന്തിര നടപടി സ്വീകരിക്കണമെന്നും താല്പര്യപ്പെടുന്നു.

5. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ.) വകുപ്പിനെ സമയബന്ധിതമായി അറിയിക്കേണ്ടതാണ്.

**ഡോ. എ. ജയതിലക്**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും /മാനേജിംഗ് ഡയറക്ടർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് ആന്റ് റവന്യൂ ആഡിറ്റ് സെക്ടർ)(04-07-2016 ലെ D.O. No. Report (Comml)/53-8/AR2015-16/CA on Recruitment /485 പ്രകാരം - ആമുഖ കത്ത് സഹിതം.)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (17.01.2019-ലെ എ III (3)50026/2018/കോ.വി. നമ്പർ കത്ത് പ്രകാരം - ആമുഖ കത്ത് സഹിതം)
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ ഭരണ വകുപ്പുകൾക്കും
ധനകാര്യ (PUC) വകുപ്പിന് (21.10.2016-ലെ E-265353 PU-C3/133/2016-FIN നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
വിവര പൊതുജന സമ്പർക്ക ഡയറക്ടർക്ക് (പത്രമാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**